പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1639

14-12-2012 – ൽ മറുപടിയ്ക്ക്

## കോൾ കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തൃശൂർ മലപ്പുറം ജില്ലകളിലെ കോൾ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) തൃശൂർ - മലപ്പുറം ജില്ലകളിൽപ്പെടുന്ന കോൾനിലങ്ങളുടെ സമഗ്ര വികസനത്തിനായി ആർ.ഐ.ഡി.എഫ്- ൽ ഉൾപ്പെടുത്തി 300 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികളും ആർ.കെ.വി.വൈ പദ്ധതിയിൽ 114.2 കോടി രൂപയുടെ വികസന പദ്ധതികളും നടപ്പിലാക്കുവാൻ ധാരണയായിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിനായി തൃശൂർ ജില്ലാകളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ 08/10/2012 ലെ സ.ഉ.(എം.എസ്) നമ്പർ 233/12/കൃഷി പ്രകാരം കോൾനില വികസന സമിതിയും കോൾ വികസന കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) കോൾ കർഷകരുടെ പമ്പിംഗ് സബ്സിഡി, ഉല്പാദന ബോണസ് എന്നിവ എത്രയായി വർദ്ധിച്ചുവെന്ന് അറിയിക്കുമോ; | (ബി) പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750/- രൂപയായും ഉല്പാദന ബോണസ് ഹെക്ടറിന് 1000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ? | (സി) സമഗ്ര കോൾ വികസന പാക്കേജ് നടപ്പിലാക്കുന്നതിനായി, കെ.എൽഡി.സി വക കെട്ടിടത്തിൽ പദ്ധതി നിർവ്വഹണത്തിന് പ്രത്യേകം ഓഫീസ് ആരംഭിച്ച് അവലോകന യോഗങ്ങൾ നടക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് 300 കോടി രൂപയുടേയും ആർ.കെ.വി.വൈ |

പദ്ധതി പ്രകാരം 114.2 കോടി രൂപയുടേയും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ പുരോഗമിച്ചു വരുന്നു. കോൾ പാക്കേജിൽ ജൈവ നെൽകൃഷി വികസനം, പച്ചക്കറി കൃഷി വ്യാപനം, അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് മുഖ്യമായി ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇവയ്ക്കായുള്ള വിശദമായ പദ്ധതികൾ സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന ഘട്ടത്തിലാണ്. കൃഷി വകുപ്പ്, കെ.എൽ.ഡി.സി, വി.എഫ്.പി.സി.കെ എന്നിവയുടെ ആഭിമുഖ്യത്തിലാണ് വിവിധ പദ്ധതികൾ നടത്തപ്പെടുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി ജനപ്രതിനിധികളും കർഷക പ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സ്ഥിരം സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ